RCS/6872/2026-G(1)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ, ഡി.പി.ഐ ജംഗ്ഷൻ,
തൈയ്ക്കാട് .പി.ഒ, തിരുവനന്തപുരം-14.
ഇ-മെയിൽ keralarcs.coop@kerala.gov.in
www.cooperation.kerala.gov.in, തീയതി: 17-07-2026

**സർക്കുലർ നമ്പർ-23/2026**

വിഷയം:- സഹകരണ വകുപ്പ്-കേരള നിക്ഷേപ ഗ്യാരന്റി സ്കീമിൽ അംഗമാകുന്നത്- നിർദ്ദേശം നൽകുന്നത്-സംബന്ധിച്ച്.

സൂചന:-
1. സർക്കാരിന്റെ 22.09.2018 ലെ ജി.ഒ(പി) നം.116/2018/സഹ നമ്പർ ഉത്തരവ്.
2. സഹകരണസംഘം രജിസ്ട്രാറുടെ 27.02.2019 ലെ 09/2019 -ാം നമ്പർ സർക്കുലർ.

കേരള സഹകരണസംഘം നിയമത്തിലെ വകുപ്പ് 57(ബി) പ്രകാരം സഹകരണ സംഘങ്ങൾ സ്വീകരിക്കുന്ന നിക്ഷേപങ്ങൾക്ക് പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി പരാമർശം(1) ഉത്തരവ് പ്രകാരം **"കേരള നിക്ഷേപ ഗ്യാരന്റി സ്കീം 2018"** രൂപീകരിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവിലെ ഖണ്ഡിക 4(4) പ്രകാരം ടി സ്കീമിൽ അംഗമാകേണ്ട ഒരു ജില്ല മാത്രം പ്രവർത്തന പരിധിയായിട്ടുള്ള സഹകരണ സംഘങ്ങളെ അതാത് ജില്ലയിലെ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാരും ഒന്നിൽ കൂടുതൽ ജില്ലകളിലോ, സംസ്ഥാന വ്യാപകമായോ പ്രവർത്തന പരിധിയുള്ള സഹകരണ സംഘങ്ങളെ സഹകരണസംഘം രജിസ്ട്രാറും ബോർഡിലേക്ക് നോട്ടിഫൈ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കാമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

സഹകരണസംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ ഉള്ളതും ബൈലോ വ്യവസ്ഥ പ്രകാരവും സഹകരണസംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസൃതമായി നിക്ഷേപം സ്വീകരിക്കുന്നതുമായ(പ്രവർത്തനം നിലച്ചതോ ലിക്വിഡേഷൻ നടപടികൾക്ക് വിധേയമായിട്ടുള്ളതോ ഒഴികെയുള്ള) എല്ലാ സംഘങ്ങളും 2019 മാർച്ച് 31നകം നിക്ഷേപ ഗ്യാരന്റി സ്കീമിൽ അംഗമാകുന്നതിന് നടപടി സ്വീകരിക്കണമെന്നും പരാമർശം (2) പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

എന്നാൽ നിലവിൽ നിക്ഷേപം സ്വീകരിക്കുന്ന പല സംഘങ്ങളും നിക്ഷേപ ഗ്യാരന്റി സ്കീമിൽ അംഗമായിട്ടുണ്ടെങ്കിലും കഴിഞ്ഞ 3 വർഷമായി അംഗത്വം പുതുക്കിയിട്ടില്ലാത്തതായും ചില സംഘങ്ങൾ നിക്ഷേപ ഗ്യാരന്റി സ്കീമിൽ നോട്ടിഫൈ ചെയ്തിട്ടുണ്ടെങ്കിലും അംഗത്വവും എടുത്തിട്ടുള്ളതായും കാണുന്നില്ല. ഇത്തരം സംഘങ്ങളെ 2026 ജൂലൈ 31 നകവും, നിക്ഷേപം സ്വീകരിക്കുന്നതും നാളിതുവരെ നോട്ടിഫൈ ചെയ്തിട്ടില്ലാത്തതുമായ സംഘങ്ങളെ 2026 ആഗസ്റ്റ് 31 നകവും ടി സ്കീമിൽ

അംഗമാക്കുന്നതിന് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതും ഇപ്രകാരം നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്ന വിവരം എല്ലാ സംഘങ്ങളുടേയും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന് സംഘങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ്. അല്ലാത്തപക്ഷം അത്തരം സംഘങ്ങളെ നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിൽ നിന്നും തടഞ്ഞുകൊണ്ട് ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർ നോട്ടീസ് നൽകേണ്ടതാണ്. ഇക്കാര്യത്തിൽ എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാരും സംഘങ്ങളുടെ ചീഫ് എക്സിക്യൂട്ടീവ്മാരും പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

2026 ഓഗസ്റ്റ് 31ന് ശേഷവും ഏതെങ്കിലും സംഘം പ്രസ്തുത സ്കീമിൽ ചേരാതെ തന്നെ നിക്ഷേപ സ്വീകരിക്കുന്നതായി ബോധ്യപ്പെട്ടാൽ കേരള സഹകരണ നിയമം വകുപ്പ് 57(ബി) ഉപ വകുപ്പ്(3) പ്രകാരം രജിസ്ട്രാറിൽ നിഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് അത്തരം സംഘങ്ങൾ നിക്ഷേപം തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതും കേരള സഹകരണ നിയമത്തിൽ അനുശാസിക്കുന്ന വിധം സംഘത്തിൽ നിന്നും പിഴ ഈടാക്കുന്നതുമാണ് .

(ഒപ്പ്)

ശ്രീകുമാർ.എ

സഹകരണസംഘം രജിസ്ട്രാർ(I/C)

പകർപ്പ് :-

1. ഡയറക്ടർ, സഹകരണ ആഡിറ്റ്, തിരുവനന്തപുരം.
2. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക് തിരുവനന്തപുരം.
3. ഡയറക്ടർ സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
4. ജോയിന്റ് രജിസ്റ്റർ/സെക്രട്ടറി, കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡ്, തിരുവനന്തപുരം
5. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാരും.
6. എല്ലാ ജോയിന്റ് ഡയറക്ടർ (ഓഡിറ്റ്) മാരും.
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന).
8. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും(ജോയിന്റ് ഡയറക്ടർ(ഓഡിറ്റ്) മുഖേന).
9. എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും/ അർബൻ ബാങ്കുകൾക്കും/എംപ്ലോയീസ് സഹകരണ സംഘങ്ങൾക്കും(ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
10. എല്ലാ പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
11. അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്ന എല്ലാ വായ്പേതര സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)

12. എഡിറ്റർ, സഹകരണ വീഥി/ജേണൽ
13. വെബ് സൈറ്റ്
14. സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)